# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത　　　　18.07.2016 -ൽ മറുപടിക്ക്

ചോദ്യം നം.T 2279

## കാസർകോട് മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ എ. നെല്ലിക്കുന്ന്. | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കാസർകോട് മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം തുടങ്ങിയതെപ്പോഴാണെന്നും നിർമ്മാണ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | കാസർകോട് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 30.10.2009 ൽ ആരംഭിച്ചു. നിർമ്മാണ കാലാവധി 3 വർഷമാണ്. |
| (ബി) | ഈ തുറമുഖത്തിന്റെ കരാറുകാരൻ ആരാണെന്നും കരാർ തുക എത്രയാണെന്നും വ്യക്തമാക്കാമോ; കാലാവധിക്കുള്ളിൽ പ്രവൃത്തി തീർന്നിട്ടില്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്താണെന്നും, നിഷ്ക്രിയത്വമാണ് കാരണമെങ്കിൽ അതിനു ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കുമോയെന്നും വ്യക്തമാക്കാമോ ; | (ബി) | മേൽ മത്സ്യബന്ധന തുറമുഖത്തിന്റെ വിവിധ ഘടകങ്ങളും നിർമ്മാണം ഏറ്റെടുത്ത കരാറുകാരുടെയും വിവരങ്ങളും ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ഘടകഇനം | കരാറുകാരൻ | കരാർ തുക |
|---|---|---|---|
| 1. | പുലിമുട്ടുകളുടെയും തീരദേശ സംരക്ഷണഭിത്തിയുടെയും നിർമ്മാണം | ചന്ദ്രഗിരി കൺസ്ട്രക്ഷൻസ് | 196291889/- |
| 2. | വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് മുതലായവ | പി.കെ.കെ കൺസ്ട്രക്ഷൻസ് | 66849198/- |

| | | | |
|---|---|---|---|
| | | | മേൽ ഘടകങ്ങളും മറ്റ് അനുബന്ധ ഘടകങ്ങളായ ഇന്റേർണൽ റോഡ്, പാർക്കിംഗ് ഏരിയ, നെറ്റ്മെന്റിംഗ് ഷെഡ്, വാട്ടർ സപ്ലൈ, ടോയിലറ്റ് ബ്ലോക്ക് മുതലായവയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഈ തുറമുഖത്തിന്റെ എത്ര ശതമാനം പണി ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും എന്ന് നാടിനു സമർപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തികൾ പൂർത്തികരിച്ച് 2016 മാർച്ച് മാസത്തോടെ നാടിന് സമർപ്പിക്കാൻ സജ്ജമാക്കിയിരുന്നു. എന്നാൽ പുലിമുട്ടുകൾക്കിടയിലെ വീതി കുറവാണെന്ന് മത്സ്യതൊഴിലാളികൾ പരാതിപ്പെട്ടതിനാൽ ടി വിവരം പദ്ധതിയുടെ മാതൃകാ പഠനം നടത്തിയ പൂനയിലെ CWPRS എന്ന സ്ഥാപനത്തെ അറിയിക്കുകയുണ്ടായി. പുലിമുട്ടുകൾക്കിടയിലെ നിലവിലെ വീതി 3 ബോട്ടുകൾക്ക് ഒരേ സമയം പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നാണ് CWPRS അറിയിച്ചിരിക്കുന്നത്. എന്നാൽ രണ്ട് പുലിമുട്ടുകളും ദീർഘിപ്പിച്ച്, അതിന്റെ അറ്റത്തെ ഗ്യാപ് വർദ്ധിപ്പിച്ചാൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ അനുവദിക്കുകയുള്ളൂ എന്ന് പ്രദേശത്തെ മത്സ്യതൊഴിലാളികളുടെ തടസ്സവാദങ്ങൾ നിലനിൽക്കുന്നതിനാൽ അവരുമായി ചർച്ചകൾ നടന്നുവരുകയാണ്. |
| (ഡി) | പ്രസ്തുത തുറമുഖത്തിന്റെ പണി പൂർത്തിയാകുമ്പോൾ മൽസ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിൽ ബോട്ടുകൾ അടുക്കാൻ പാകത്തിൽ വാർഫ്, ലേലപ്പുര, നെറ്റ്മെന്റിംഗ് ഷെഡ്, പാർക്കിംഗ് ഏരിയ, ഇന്റേർണൽ റോഡ് മുതലായ സൗകര്യങ്ങൾ ഉണ്ട്. പ്രസ്തുത തുറമുഖം വഴി ഏകദേശം 4000 ത്തോളം മത്സ്യതൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ഇതിന്റെ പ്രയോജനം ലഭിക്കുകയും ഏകദേശം 350-ഓളം മത്സ്യബന്ധന യാനങ്ങൾക്ക് ദിനംപ്രതി പ്രവർത്തിക്കാനുള്ള പൂർണ്ണ സജ്ജീകരണങ്ങളും കൂടാതെ പ്രതിവർഷം 300 ന് മേൽ പ്രവർത്തി ദിവസം മത്സ്യബന്ധനത്തിന് സാദ്ധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ